97 (97) ഡൽഹി പോലീസിലെ റിക്രൂട്ട്മെന്റ്

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി പോലീസിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള റിക്രൂട്ട്മെന്റ് നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി കേരളത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)മുതൽ (സി)വരെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

98 (98) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് ഫലപ്രദമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് മാവേലി സ്റ്റോർ, നീതി സ്റ്റോർ, ഓപ്പൺ മാർക്കറ്റ് എന്നിവയിലെ 1996 ജൂൺ, 1999 മേയ് എന്നീ മാസങ്ങളിലെ വിലനിലവാരം താരതമ്യം ചെയ്ത് വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓപ്പൺ മാർക്കറ്റിൽ എത്ര ശതമാനം വർദ്ധനവ് നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടായിട്ടുണ്ടെന്ന് അവയുടെ പട്ടിക നൽകിക്കൊണ്ട് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ അമിതമായ വിലക്കയറ്റം തടയുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അവശ്യസാധനങ്ങൾ നിയന്ത്രിതവിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴിയും തെരഞ്ഞെടുക്കപ്പെട്ട 2000-ൽപ്പരം റേഷൻ ഷോപ്പുകൾ മുഖേനയും ലഭ്യമാക്കുക വഴി പൊതുകമ്പോളത്തിലെ വില നിയന്ത്രിക്കുന്നതിനും ജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അനുബന്ധം 1-ൽ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും ഇത് വ്യക്തമാകുന്നതാണ്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly